നിർവ്വഹിക്കുന്നു. തപാൽ വകുപ്പും കെ.ബി.പി.എസ്.-മായാണ് അതിനായുള്ള MoU ഒപ്പുവയ്ക്കുന്നത്. അച്ചടിയുടെയും വിതരണത്തിന്റെയും മേൽനോട്ടം വഹിക്കുന്നതിന് കോ-ഓർഡിനേറ്ററായി ശ്രീ. ജി. ചന്ദ്രശേഖരൻ ഉണ്ണിത്താനെയാണ് സർക്കാർ നിയമിച്ചിരിക്കുന്നത്. ഹയർ സെക്കണ്ടറി പാഠപുസ്തക അച്ചടിയിൽ വീഴ്ച വന്നിട്ടില്ല.

(ഇ) പാഠപുസ്തക അച്ചടി പൂർത്തിയാക്കിയതിനുശേഷമാണ് അച്ചടിയുടെ ചാർജ്ജ് കെ.ബി.പി.എസ്.-ന് നൽകുന്നത്. ഏകദേശം 6 കോടി രൂപയാണ് ഓരോ വർഷവും കെ.ബി.പി.എസ്.-ന് അച്ചടിയിനത്തിൽ നൽകിവരുന്നത്. ആയതിനാൽ ഈ വർഷത്തേയ്ക്കുള്ള അച്ചടിക്കുള്ള തുക നൽകേണ്ടത് 2016 മാർച്ച് മാസത്തിന് മുൻപാണ്. ഹയർസെക്കണ്ടറി പാഠപുസ്തക അച്ചടിക്ക് സർക്കാർ തുക അനുവദിച്ചുനൽകുന്നതിനുവിലെ. പകരം പുസ്തകം അച്ചടിച്ച് വില്പന നടത്തുന്ന രീതിയാണ് അവലംബിക്കുന്നത്.

(എഫ്) 2015-16 വർഷം ജൂലൈ 20-ന് മുമ്പ് പാഠപുസ്തക വിതരണം പൂർത്തിയാക്കാൻ കഴിയും. ഹയർസെക്കണ്ടറി പ്ലസ് ടു പാഠപുസ്തകങ്ങൾ 95% വും വിതരണം ചെയ്തിട്ടുണ്ട്. പ്ലസ് വൺ പുസ്തകങ്ങൾ ക്ലാസ്സ് ആരംഭിക്കുന്നതിനുമുമ്പ് വിതരണം പൂർത്തിയാകും.

വിദ്യാഭ്യാസരംഗത്തെ മിഷൻ 676 പ്രകാരമുള്ള കർമ്മ പദ്ധതികൾ

106 (1135) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ രംഗത്ത് മിഷൻ 676 പ്രകാരം എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി നിർവ്വഹണത്തിനായി ഏതെല്ലാം സ്ഥാപനങ്ങളെയും ഏജൻസികളെയുമാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ;

(ഡി) പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മിഷൻ 676 പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഇവയാണ്.

1. ആശ്വാസ്
2. ജി. വി. രാജാ സ്പോർട്സ് സ്കൂൾ - അടിസ്ഥാന സൗകര്യ വികസനം
3. ഇന്ററാക്ടീവ് ഡിസ്റ്റൻസ് ഇ-ലേണിംഗ്
4. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം
5. അതുല്യം രണ്ടാം ഘട്ടം
6. അക്ഷരലക്ഷം രണ്ടാം ഘട്ടം
7. ആദിവാസി സാക്ഷരതാ പദ്ധതി

ഉന്നത വിദ്യാഭ്യാസ രംഗത്ത് മിഷൻ 676 പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം -2-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയായ അതുല്യം രണ്ടാം ഘട്ടം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത്, സാമൂഹ്യക്ഷേമം, നഗരകാര്യ ന്യൂനപക്ഷക്ഷേമം, ഗ്രാമവികസനം, സഹകരണം, ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടത്തുന്നത്. പാലക്കാട് ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, എസ്.സി./എസ്.റ്റി. എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ആദിവാസി സാക്ഷരതാ പദ്ധതി (അട്ടപ്പാടി) നടപ്പിലാക്കുന്നു. മിഷൻ 676 -ലെ മറ്റ് പദ്ധതികളെല്ലാം പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് നടപ്പിലാക്കുന്നത്. ഉന്നത വിദ്യാഭ്യാസരംഗത്ത് മിഷൻ 676 പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അതുല്യം പദ്ധതിയുടെ (രണ്ടാം ഘട്ടം) സുഗമമായ നടത്തിപ്പിനായി സംസ്ഥാനതലത്തിലും ജില്ലാ തലങ്ങളിലും സംഘാടക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാർ, കീ റിസോഴ്സ് പേഴ്സൺമാർ, ഇൻസ്ട്രക്ടർമാർ, പ്രേരക്മാർ എന്നിവർക്ക് ജില്ലാതലങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ഡയറ്റ് പ്രിൻസിപ്പൽമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർമാർ എന്നിവരെ ഉൾപ്പെടുത്തി സർക്കാർ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. അക്ഷരലക്ഷം പദ്ധതിയുടെ ഭാഗമായി ആദിവാസി മേഖല, തീരദേശ മേഖല, നഗരചേരികൾ, മത്സ്യത്തൊഴിലാളികൾ, ഭാഷാ ന്യൂനപക്ഷ മേഖലകൾ എന്നീ നിരക്ഷരതാ ഇരുത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിലൂടെ കേരളത്തിലെ 50,000 പേരെ സാക്ഷരരാക്കാനാണ് ഉദ്ദേശിക്കുന്നത്. ആദിവാസി സാക്ഷരതാ പരിപാടിയുടെ ഭാഗമായി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ബ്ലോക്കുതല മീറ്റിംഗുകളും പഞ്ചായത്തുതല മീറ്റിംഗുകളും വിളിച്ച് ചേർത്ത് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. മിഷൻ 676-ലെ മറ്റ് പദ്ധതികളെല്ലാം പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ടാണ് നടപ്പിലാക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് മിഷൻ 676 പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഫ്ലെയർ (FLAIR) പദ്ധതി

107 (1136) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫ്ലെയർ (Fostering Linkage In Academic Innovation and Research) പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ആരെല്ലാമായി സഹകരിച്ചാണ് നടത്തുന്നത് ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ ഒരുക്കിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly